Talented Bankers Literary Panel
പുസ്തക പരിചയം 134

പുസ്തകം പരിചയപ്പെടുത്തുന്നത്,
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ലോക്കൽ ഹെഡ് ഓഫീസ്,
തിരുവനന്തപുരം.

വിലായത്ത് ബുദ്ധ
ജി ആർ ഇന്ദുഗോപൻ

ഓണത്തിന് ഉപ്പേരി തിന്നു പൊട്ടിപ്പോയ പല്ല് ഒട്ടിക്കാനാണ് ആ ഡെന്റൽ ക്ലിനിക്കിലെത്തിയത്.. അവിടാണെങ്കിൽ ആകെ ബുദ്ധമയം.. ഇരിക്കുന്ന ബുദ്ധൻ.. നിൽക്കുന്ന ബുദ്ധൻ... കിടക്കുന്ന ബുദ്ധൻ... തല മാത്രമുള്ള ബുദ്ധൻ...
ഇപ്പൊ ബുദ്ധനാണല്ലോ ട്രെൻഡ്.. മിനിമം ഒരു ബുദ്ധനെങ്കിലും ഇല്ലാത്ത വീടില്ല.. പെട്ടെന്നാണ് ഓണത്തിരക്കിനിടയിൽ വായിക്കാതെ മാറ്റിവച്ച ഇന്ദുഗോപന്റെ "വിലായത്ത് ബുദ്ധ"യെ കുറിച്ചോർത്തത്.
ബുദ്ധമതത്തെ കുറിച്ചാവും എന്നായിരുന്നു ധാരണ..
ഇന്ദുഗോപന്റെ ഓരോ പുസ്തകവും ഓരോ അനുഭവമാണ്... സത്യമേത്... മിഥ്യയേത്.. ഭാവനയേത്.. എന്നു തിരിച്ചറിയനാവാതെ പുതിയ ലോകത്തേക്ക് കൂട്ടികൊണ്ടു പോകുന്നു.. പണ്ട് റഷ്യൻ കഥകൾ വായിക്കുമ്പോലെ.. മറ്റേതോ മാന്ത്രിക ലോകത്തേക്ക്...

ബുദ്ധന്റെ ഏതോ ഭാവമാണ് വിലായത്ത്... എന്നാണ് കേൾക്കുമ്പോൾ തോന്നുക... വിലയേറിയ ചന്ദനത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ഇനമാണ് വിലായത്ത് ബുദ്ധൻ.. ബുദ്ധപ്രതിമകൾ കൂടുതലും ചന്ദനത്തിലാണ് ഉണ്ടാക്കുക.. മരപ്പണിക്ക് ഏറ്റവും വഴങ്ങുക ചന്ദനമാണ്.. ലോഹങ്ങളിൽ സ്വർണം എന്നപോലെ... രണ്ടിനും മഞ്ഞ നിറമാണ്.. അമൂല്യവും.. ഏറ്റവും വെറുക്കപ്പെടുന്ന വിസർജ്യത്തിനും മഞ്ഞ നിറമാണ്... ഈ വൈരുദ്ധ്യങ്ങളുടെ സത്തയാണ് ഇന്ദുഗോപന്റെ "വിലായത്ത് ബുദ്ധ "

മറയൂർ ചന്ദനത്തിന്റെ നാടാണ്.. ശർക്കരയുടേയും..അബദ്ധത്തിൽ, സ്ഥലത്തെ പൊതു സ്വത്തായ ചെമ്പകത്തിന്റെ സെപ്റ്റിക് ടാങ്കിൽ വീണ, പഞ്ചായത്ത് പ്രസിഡന്റ് ഭാസ്കരൻ മാഷിന്, പാർട്ടിക്കുള്ളിലെ വിമതരുടെ ശ്രമത്താൽ സ്ഥാനമാനങ്ങൾ നഷ്ടമായി.. തീട്ടം എന്ന വിളിപ്പേരു മാത്രം ബാക്കിയായി. ക്രമേണ ഭാസ്കരൻ മാഷ് എന്ന പേരേ നാട്ടുകാർ മറന്നു... ഇരട്ടപ്പേര് മാത്രം നിലനിന്നു.

യാദൃച്ഛികമായി വീട്ടിലെത്തിയ പീറ്റർ.. മാഷ് നട്ടു വളർത്തുന്ന അകിൽ മരത്തെയും ഒപ്പമുള്ള ചന്ദനത്തെയും കാണുന്നു. തന്നെ കാണുമ്പോൾ

തീട്ടവും അതിന്റെ നാറ്റവും മാത്രം ഓർമ്മിക്കുന്ന നാട്ടുകാരെ.. തന്റെ മരണസമയത്തു.. നാടുമുഴുവൻ സുഗന്ധം പരത്താനും ആ സുഗന്ധത്തിന്റെ പേരിൽ എക്കാലവും ഓർമ്മിക്കപ്പെടാനും വേണ്ടി ചിത തയ്യാറാക്കാൻ ആവശ്യമായ ചന്ദനമാണ് താൻ നട്ടു വളർത്തുന്നതെന്ന് മാഷ് വെളിപ്പെടുത്തുന്നു... ചന്ദനം പരാന്നഭോജി ആകയാൽ.. അതിനു വേണ്ട വെള്ളവും വളവും ലഭിക്കാനാണ് അകിലും കൂടെ വളർത്തുന്നത്...
വർഷങ്ങൾക്കു ശേഷം മാഷിന്റെ ശിഷ്യനായിരുന്ന ചന്ദനം കള്ളക്കടത്തുകാരൻ ഡബിൾ മോഹനൻ മാഷിന്റെ ചന്ദനമരം കാണുന്നു..
അത് അപൂർവങ്ങളിൽ അപൂർവമായ, ഇലകളിൽ പോലും സുഗന്ധവഹിയായ കോടികൾ വിലമതിക്കുന്ന "വിലായത്ത് "എന്ന ഇനം ചന്ദനമാണെന്ന് തിരിച്ചറിയുന്നു.
ഷാങ്ഹായിലെ കോടീശ്വരൻമാരുടെ വസതികളിലോ.. പ്രശസ്ത ബുദ്ധ വിഹാരങ്ങളിലോ, സമ്പൂർണ ബുദ്ധ വിഗ്രഹങ്ങളായി, പതിനായിരം കൊല്ലങ്ങളോളം വിരാജിക്കേണ്ട "വിലായത് ബുദ്ധ " എന്ന ഈ ചന്ദനമരം, തീട്ടം ഭാസ്കരന്റെ ശവം കത്തിക്കാൻ ഉള്ളതല്ല എന്ന് മോഹനൻ തീരുമാനിക്കുന്നു.

മരം മുറിക്കാൻ മോഹനനും, മോഹനൻ മുറിക്കാതിരിക്കാൻ ഭാസ്കരൻ മാഷും..
സ്വന്തം പേരുദോഷം തീർക്കാൻ ചന്ദനചിതയിലേരിഞ്ഞു സുഗന്ധവാഹിയാകാൻ ഭാസ്കരൻമാഷും
ചെമ്പകത്തിന്റ മകളായ സ്വന്തം കാമുകിയുടെ പേരുദോഷം മാറ്റാൻ.. താൻ വഴി വെട്ടിയുണ്ടാക്കിയ മലക്ക് അവളുടെ പേര് കൊടുക്കാൻ തീരുമാനിക്കുന്ന ഡബിൾ മോഹനനും...
ഗുരുവും ശിഷ്യനും... ആരു ജയിക്കും.. അവരുടെ തന്ത്രങ്ങൾ.. യുദ്ധമുറകൾ..
പ്രണയവും പകയും പ്രതികാരവും അധികാരവും ആകസ്മിതയും നിസ്സഹായതയും ചേർന്നു സൃഷ്ടിക്കുന്ന ഈ പുസ്തകം തികച്ചും വ്യത്യസ്തമായ വായനാ നുഭവം തരുന്നു.. വെറും തൊണ്ണൂറു പേജുകളിൽ ഇന്ദുഗോപൻ നമുക്ക് തരുന്നത് സ്ത്രീകളുടെ കാണാക്കണ്ണുകളുടെയും അപ്രതീക്ഷിതമായ പെരുമാറ്റങ്ങളുടെയും കഥ കൂടിയാണ്.
ജോയ് തോമസിന്റെ ചിത്രങ്ങളും ഉണ്ട് പുസ്തകത്തിൽ.
അകാലചരമം അടഞ്ഞ ഹിറ്റ് സംവിധായകൻ സച്ചി സിനിമ ആക്കാൻ ആഗ്രഹിച്ചിരുന്ന ഈ നോവൽ തീർച്ചയായും നിരാശ പ്പെടുത്തില്ല..

വില.. 180 രൂപ
മാതൃഭൂമി പ്രസിദ്ധീകരണം

ഇന്ദുഗോപൻ കൊല്ലം വാളത്തുങ്കൽ സ്വദേശിയാണ്..
ധാരാളം സാഹിത്യ സിനിമാ അവാർഡുകൾ വാരിക്കൂട്ടിയിട്ടുണ്ട്...
ഇപ്പൊൾ പത്രപ്രവർത്തനം ഒക്കെ നിർത്തി.. മുഴുവൻ ശ്രദ്ധയും എഴുത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു.